athi bicycle club
kerala's first cross city bicycle club

സൈക്കിൾറാക്കിനരികെ അതിരൂപ്

നഗരത്തിൽ ഒരു സൈക്കിൾ ക്ലബ്ബ്

കൊച്ചി: വാഹനക്കുരുക്കിൽ നിന്ന് രക്ഷനേടുവാൻ അതിരൂപിന്റെ സൈക്കിൾ ക്ലബ്ബ് കൊച്ചി നഗരത്തിൽ എത്തി. സൈക്കിൾ യാത്ര ആഗ്രഹിക്കുന്നവർ ഇനി അതിരൂപിന്റെ സൈക്കിൾ ക്ലബ്ബിൽ അംഗമായാൽ മാത്രം മതി. നഗരയാത്ര സൈക്കിളിലാകാം. തിരുവനന്തപുരം സ്വദേശിയായ അതിരൂപ് സ്വന്തം നാട്ടിൽ ഈ സംരംഭം വിജയിച്ചതിന്റെ ആത്മവിശ്വാസവുമായാണ് കൊച്ചിയിലെത്തിയത്.

9645511155 എന്ന നമ്പറിൽ ഒരു എസ്എംഎസ് അയച്ചാൽ ആർക്കും ഈ ക്ലബ്ബിൽ അംഗത്വം നേടാനാകും. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ സൈക്കിൾ റാക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ എത്തി [illegible] വർ എസ്എംഎസ് [illegible] ലോക്ക് ചെയ്തിരിക്കുന്ന ലോക്ക് നമ്പർ മൊബൈലിൽ എസ്എംഎസായി എത്തും. യാത്ര കഴിഞ്ഞ് സൈക്കിൾ ഏത് റാക്കിൽ വേണമെങ്കിലും വെയ്ക്കാം. അവിടെ എത്തി എസ്എംഎസ് ചെയ്താൽ ആ റാക്കിലെ ലോക്ക് നമ്പർ അയച്ചുതരും. മണിക്കൂറിന് രണ്ട് രൂപയാണ് ഈ സൈക്കിൾ സവാരിയുടെ ചാർജ്. 50 രൂപ അടച്ചാൽ ഈ നിരക്കിൽ ഒരു മാസം സൈക്കിൾ ഉപയോഗിക്കാം. പണം റാക്കിൽ തന്നെ സ്ഥാപിച്ചിട്ടുള്ള ഡ്രോപ്പ് ബോക്സിൽ നിക്ഷേപിച്ചാൽ മതി. പണത്തിന്റെ കാര്യത്തിലും അല്പം ശ്രദ്ധ അതിരൂപിനുണ്ട്. ഡ്രോപ്പ് ബോക്സിൽ നിക്ഷേപിക്കുന്ന നോട്ടിലെ അവസാനത്തെ നാല് [illegible] എസ്എംഎസ് അയയ്ക്കണമെന്നാണ് അതിരൂപിന്റെ നിർദേശം.

[illegible]ത്തിൽ കലൂർ, നോർത്ത് റെയിൽവേ സ്റ്റേഷൻ, കച്ചേരിപ്പടി, ജെട്ടി, പത്മ എന്നിവിടങ്ങളിൽ സൈക്കിൾ റാക്കുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇനിയും കൂടുതൽ റാക്കുകൾ സ്ഥാപിക്കുവാനുള്ള ഒരുക്കത്തിലാണ്.

അനുദിനം വർധിച്ചുകൊണ്ടിരിക്കുന്ന പെട്രോൾ വില, ആഗോളതാപനം, പാരിസ്ഥിതിക പ്രശ്നങ്ങൾ ഇവയ്ക്കെല്ലാക്കെ ഒരു പരിഹാരമാകുവാൻ സൈക്കിൾ സവാരിക്കാകുമെന്ന് അതിരൂപ് പറയുന്നു. രണ്ട് വർഷം മുമ്പ് തിരുവനന്തപുരം മുതൽ കൂർഗ് വരെ മൂന്ന് ദിവസം കൊണ്ട് സൈക്കിളിൽ എത്തിച്ചേരുവാൻ സാധിച്ചിട്ടുണ്ട് അതിരൂപിന്. സൈക്കിൾ സവാരി കൂടുതൽ ജനകീയമാക്കുവാനുള്ള ശ്രമത്തിലാണ് ഈ യുവാവ്.